(ബി) പത്താം പഞ്ചവത്സര പദ്ധതിയുടെ സമീപന രേഖ ചർച്ച ചെയ്യാൻ ചേർന്ന ദേശീയ വികസന സമിതിയുടെ യോഗത്തിൽ സംസ്ഥാനത്തിന്റെ അഭിപ്രായങ്ങൾ അറിയിച്ചിരുന്നു.

(സി, ഡി) കേരളത്തിന് പുറമേ മറ്റ് പല സംസ്ഥാനങ്ങളും സമീപന രേഖയിലെ നിർദ്ദേശങ്ങളെ സംബന്ധിച്ച് അവരുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചിരുന്നു. ഇവ വിശദമായി പരിശോധിച്ച് ആവശ്യമായ ശുപാർശകൾ നൽകുന്നതിനുവേണ്ടി ദേശീയ വികസന സമിതിയുടെ ഉപസമിതികളെ നിയോഗിക്കുകയാണുണ്ടായത്.

## മലബാർ മേഖലയിൽ ബൊട്ടാണിക് ഗാർഡൻ സ്ഥാപിക്കാൻ നടപടി

6 [5815] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിൽ ബൊട്ടാണിക് ഗാർഡൻ സ്ഥാപിക്കുന്നതിന് സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പ് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ എന്നായിരുന്നു ഈ തീരുമാനമെടുത്തത്;

(സി) ഏതു പ്രദേശമാണ് ഇതിനായി കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) ഇല്ലെങ്കിൽ മലബാർ മേഖലയിലെ ജൈവവൈവിദ്ധ്യ സമ്പന്നത പരിഗണിച്ച് ഇവയുടെ നിലനിൽപ്പിനും പുനരുജ്ജീവനത്തിനും ഗവേഷണങ്ങൾക്കും വിവേകപൂർവ്വമായ ഉപയോഗത്തിനും ഉതകുംവിധം ഇവിടെ ഒരു ബൊട്ടാണിക് ഗാർഡൻ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ—ഇ) മലബാർ മേഖലയിൽ ഒരു ബൊട്ടാണിക് ഗാർഡൻ സ്ഥാപിക്കുന്നതിന് സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പോ സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലോ ഈയിടെ തീരുമാനം ഒന്നും എടുത്തിട്ടില്ല. എന്നാൽ മലബാർ മേഖലയിലെ ജൈവ വൈവിധ്യ സമ്പത്തിന്റെ നിലനിൽപ്പിനും പുനർജീവനത്തിനും ഉതകുംവിധം ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിന്റെ കീഴിൽ മലബാർ ബൊട്ടാണിക്കൽ ഗാർഡൻ 1996 ഏപ്രിൽ മാസം മുതൽ പ്രവർത്തിച്ചുവരുന്നു. കോഴിക്കോട് ജില്ലയിലെ ഒളവണ്ണ പഞ്ചായത്തിലാണ് ഈ സ്ഥാപനം പ്രവർത്തിച്ചുവരുന്നുത്.

## സർക്കാർ ജീവനക്കാരുടെ പ്രൊമോഷനുകളിലെ വൈരുദ്ധ്യം

7 [5826] ശ്രീ. തോമസ് ചാഴികാടൻ:
„ കെ. നാരായണക്കുറുപ്പ്:
„ റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly